# MY LORD, MY GOD

***Bulletin Irinjalakuda Diocese***
*P.B. No. 59, Irinjalakuda-680121*
*Phone : 2826830, 2826820*
*Website : www.irinjalakudadiocese.com*
*Book : 32  Volume : 9*

***September 2011***

## ഉള്ളടക്കം

1. ഇടയശബ്ദം ........ 02
2. കച്ചേരിക്കാര്യങ്ങൾ ........ 04
3 മതബോധനം ........ 10
4 ബൈബിൾ അപ്പസ്തോലേറ്റ് ........ 11
5 ബ്ലസ് എ ഹോം ........ 12
6 പാക്സ് ........ 13
7 സോഷ്യൽ ആക്ഷൻ ........ 15
**8 സംഘടനാവാർത്തകൾ**
തിരുബാലസഖ്യം ........ 16
അവാർഡ് ........ 17
സ്പിരിചാലിറ്റി സെന്റർ ........ 19
ജീസസ് യൂത്ത് ........ 20
കെ.സി.വൈ.എം. ........ 20
സെന്റ് പോൾസ് മൈനർ സെമിനാരി ........ 21
നവചൈതന്യ ........ 22
സാൻജോ സദൻ ........ 22
9 പ്രേഷിതവർഷം – ഉദ്ഘാടന റിപ്പോർട്ട് ........ 23
10 സഭാവാർത്തകൾ ........ 26
11 ഇടയന്റെ നാളെകൾ ........ 27
12 ഇടയന്റെ ഇന്നലെകൾ ........ 28

# ഇടയശബ്ദം



*പ്രിയ സഹോദരവൈദികരേ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യ അല്മായ സഹോദരരേ,*

മുപ്പത്തിനാലാം രൂപതാദിനം സെപ്തംബർ 10-ാം തിയ്യതി ആചരിക്കുകയാണല്ലോ. ദൈവത്തിന്റെ കരുതലുള്ള സ്നേഹത്തിനും സംരക്ഷണം നിറഞ്ഞ പരിപാലനയ്ക്കും നമുക്ക് കൃതജ്ഞത അർപ്പിക്കാം. പ്രസ്തുതദിനത്തിൽ നമ്മുടെ ജെയിംസ് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നതിൽ നാമെല്ലാവരും സന്തോഷഭരിതരാണ്. പിതാവിലൂടെ സഭയ്ക്കും പ്രത്യേകിച്ച് നമ്മുടെ രൂപത യ്ക്കും ലഭിച്ച കൃപയ്ക്ക് നന്ദി പറയാം. ജെയിംസ് പിതാവിന് ആരോഗ്യ വും ദീർഘായുസ്സും ദൈവാനുഗ്രഹവും ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. ഈ ആഘോഷങ്ങൾക്ക് ധന്യത പകരുകയാണ് മേജർ ആർച്ചു ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ സന്ദർശനം. വിശുദ്ധിയും വിജ്ഞാനവും വിവേകവും ഒത്തിണങ്ങിയ ജോർജ്ജ് പിതാവിനെ നമുക്ക് ശ്രേഷ്ഠ മെത്രാപ്പോലീത്തയായി നൽകിയതിന് ദൈവത്തോട് കടപ്പാടുള്ളവരാകാം. സഭാതലവന്റെ കരങ്ങൾക്ക് ശക്തി പകർന്നുകൊണ്ട് നമ്മുടെ കർത്തവ്യങ്ങൾ വിശ്വസ്തതയോടെ നിർവ്വഹിക്കാം.

34-ാം പിറന്നാൾ രൂപത ആഘോഷിക്കുമ്പോൾ തുടർന്നും ദൈവത്തിന്റെ അനന്തമായ പരിപാലന ലഭിക്കുവാൻ തീക്ഷ്ണതയോടെ നമുക്ക് പ്രാർത്ഥിക്കാം. ഒരുപാട് വെല്ലുവിളികൾ നിറഞ്ഞ കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ആഗോളവൽക്കരണത്തിന്റെയും ഭൗതികവൽക്കരണത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും അമിതമായ സ്വാധീനം ആത്മീയ, സാമൂഹിക, സാംസ്ക്കാരിക, വിദ്യാഭ്യാസ, രാഷ്ട്രീയ രംഗങ്ങളിൽ ഏറെ കോളിളക്കം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ആത്മീയ തലങ്ങളിൽ വിശ്വാസത്തെ ശക്തിപ്പെടുത്തുന്നതിനു പകരം ദുർവ്യാഖ്യാനങ്ങൾ നൽകി ദൈവജനത്തെ തിന്മയിലേക്കു നയിക്കുന്ന പലരും ഇന്ന് നമ്മുടെ രൂപതയിൽ കൂടാരമടിച്ചിട്ടുണ്ട്. ഇവരെക്കുറിച്ചാണ് അപ്പസ്തോലൻ പറയുന്നത്. 'ആരെങ്കിലും സത്യവിശ്വാസത്തിൽനിന്ന് വ്യത്യസ്തമായി പഠിപ്പിക്കുകയോ, നമ്മുടെ കർത്താവായ

യേശുക്രിസ്തുവിന്റെ യഥാർത്ഥ വചനങ്ങളോടും ദൈവഭക്തിക്കു ചേർന്ന പ്രബോധനങ്ങളോടും യോജിക്കാതിരിക്കുകയോ ചെയ്താൽ അവൻ അഹങ്കാരിയും അജ്ഞനും ആണ്. എല്ലാറ്റിനെയും ചോദ്യം ചെയ്യാനും വാക്കുകളെചൊല്ലി തർക്കിക്കാനുമുള്ള ദുർവാസനക്ക് വിധേയനാണവൻ (1 തിമോ. 6:3–4). എന്നാൽ ദൈവികമനുഷ്യനായ നീ ഇവയിൽനിന്ന് ഓടിയകലണം (1 തിമോ. 6:11). വിശ്വാസത്തിന് വെല്ലുവിളി ഉയർത്തുന്ന, തിന്മയിലേക്കു നയിക്കുന്ന, സ്വാർത്ഥ താല്പര്യങ്ങളെ താലോലിക്കുന്ന ഇപ്രകാരമുള്ള സെക്ടുകളെ അകറ്റി നിർത്തുവാൻ നാം ജാഗ്രതയോടെ ശ്രമിക്കണം. മർക്കോസിന്റെ സുവിശേഷത്തിൽ ഈശോയുടെ വചനങ്ങൾ നമ്മെ നയിക്കുന്ന പ്രധാനപ്പെട്ട ഒരു തലമുണ്ട്. പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടും ഈ വർഗ്ഗം പുറത്തുപോവുകയില്ല (മർക്കോ. 9:29). തിന്മയുടെ സ്വാധീനം അലട്ടുന്ന ഈ വേളയിൽ കൂടുതൽ ഉപവസിക്കാൻ പ്രാർത്ഥിക്കുവാൻ നമുക്ക് തീരുമാനമെടുക്കാം. നമ്മുടെ ഒരു അഭിഷിക്തനായ പുരോഹിതനും ഇക്കൂട്ടരുടെ സ്വാധീനത്തിന് അടിമപ്പെട്ടിട്ടുണ്ട്.

ഈ രൂപതാദിനം മുതൽ ഒരു വർഷത്തേക്ക് തീക്ഷ്ണമായി ഉപവസിച്ച് പ്രാർത്ഥിക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. ദിവസത്തിൽ ഒരു ജപമാലയെങ്കിലും പ്രത്യേകം അർപ്പിച്ച് കാഴ്ച വയ്ക്കുക. ആഴ്ചയിൽ ഒരുദിവസം ഒരു നേരം ഭക്ഷണം ഉപവസിച്ച് പ്രാർത്ഥിക്കുക. നമ്മുടെ പള്ളികളിലും സ്ഥാപനങ്ങളിലും ആഴ്ചയിലൊരിക്കൽ 1 മണിക്കൂർ പരസ്യാരാധന നടത്തുക. ആഴ്ചയിൽ ഒരു കുർബാനയിൽ ഈ നിയോഗത്തിനുവേണ്ടി പ്രാർത്ഥിക്കുക. തീർച്ചയായും ദൈവം നമ്മുടെ പ്രാർത്ഥന ശ്രവിക്കും. അടുത്ത ഒരു വർഷത്തിനുള്ളിൽ ഈ പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും ഫലം നമ്മൾ കാണും. വെല്ലുവിളികളെ പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും നേരിടുമെന്നുള്ള തീരുമാനം ഈ രൂപതാദിനത്തിൽ നമുക്ക് എടുക്കാം.

ആഗസ്റ്റ് 21–ാം തിയ്യതി കൊടുങ്ങല്ലൂർ സെന്റ് മേരീസ് ഇടവകയിലെ സെന്റ് തോമസ് സ്ക്വയറിൽ നടന്ന സീറോമലബാർ സഭയുടെ പ്രേഷിതവർഷത്തിന്റെ ഉദ്ഘാടനം മനോഹരമാക്കുവാൻ അക്ഷീണം പരിശ്രമിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.



ഇരിങ്ങാലക്കുട **മാർ പോളി കണ്ണൂക്കാടൻ**

25. 08. 2011 ഇരിങ്ങാലക്കുട രൂപതമെത്രാൻ

# കച്ചേരിക്കാര്യങ്ങൾ

## 1. Transfers & Appointments

| | |
|---|---|
| **Rev. Fr. Binu Kuttikadan CMI** | Appointed, Assistant Vicar, St. Xavier's Church, Pullur |
| **Rev. Fr. Biju Pudussery CMI** | Appointed, Assistant Vicar, Sacred Heart Church, Snehagiri. |
| **Rev. Fr. Treejo Chakkalackal OFM Cap.** | Relieved, Director and Sp. Assistant of Franciscan Associ ation w.e.f. 12. 8. 11 |
| **Rev. Fr. Peter Panjikaran OFM Cap.** | Appointed, Director and Sp. Assistant of Franciscan Associa tion w.e.f. 12. 8. 11 |
| **V. Rev. Fr. Jos Kavunkal** | Relieved Member, Construction Committee w.e.f. 06.08.2011 |
| **V. Rev. Fr. Jobby Pozholiparambil** | Relieved Member, Construction Committee w.e.f. 06.08.2011 |
| **Rev. Fr. Sebastian Ezhekadan** | Relieved Member, Construction Committee w.e.f. 06.08.2011 |
| **Rev. Fr. Binoy Pozholiparambil** | Relieved Member, Construction Committee w.e.f. 06.08.2011 |
| **Mr. U.D. Jose, Ukken** | Relieved Member, Construction Committee w.e.f. 06.08.2011 |
| **V. Rev. Fr. Varghese Chalissery** | Appointed Member, Construction Committee w.e.f. 06.08.2011 |
| **Rev. Fr. Anto Thachil** | Appointed Member Construction Committee w.e.f. 06.08.2011 |
| **Rev. Fr. Thomas Alukkal** | Appointed Member Construction Committee w.e.f. 06.08.2011 |
| **Mr. Charles Alookaran** | Appointed Member Construction Committee w.e.f. 06.08.2011 |

## 2. List of the Reconstituted Committee of Internal Auditors of the Organisations & Movements of the Eparchy of IJK.

| | | |
|---|---|---|
| 1 | Altar Boys' Association | Rev. Fr. Jojo Thoduparambil<br>Rev. Fr. Lijo Kalaparambath |
| 2 | Catholic Charismatic Movement | Rev. Fr. Jose Vithamattathil<br>Rev. Fr. Jose Ambooken |
| 3 | Catholic Labour Association | Rev. Fr. Joy Puthenveettil<br>Rev. Fr. Rejoy Pazhayattil |
| 4 | Catholic Mothers' Association | Rev. Fr. Anto Chungath<br>Rev. Fr. Shaju Kachappilly |
| 5 | Catholic Movement | Rev. Fr. Joy Puthenveettil<br>Rev. Fr. Rejoy Pazhayattil |
| 6 | Catholic Nurses' Guild | Rev. Fr. Pius Cherappanath<br>Rev. Fr. George Pareman |
| 7 | Catholic Teachers' Guild | Rev. Fr. George Mangalan<br>Rev. Fr. Liju Manjaprakaran |
| 8 | Catholic Youth Movement | Rev. Fr. Joy Kadambatt<br>Rev. Fr. Raphael Panjikaran |
| 9 | Cherupushpam Mission League | Rev. Fr. Anto Karippai<br>Rev. Fr. Titus Kattuparambil |
| 10 | Christian Life Community | Rev. Fr. Joy Kadambatt<br>Rev. Fr. Raphael Panjikaran |
| 11 | Family Apostolate | Rev. Fr. Sebastian Panjikaran<br>Rev. Fr. Varghese Pathadan |
| 12 | Franciscan Association (SFO) | V. Rev. Fr. Varghese Chalissery<br>Rev. Fr. Lijo Kalaparambath |
| 13 | Holy Childhood | Rev. Fr. Benny Arimbully<br>Rev. Fr. Titus Kattuparambil |
| 14 | Jesus Youth | Rev. Fr. Jose Vithamattil<br>Rev. Fr. Tom Maliekal |
| 15 | Kerala Catholic Students' League | Rev. Fr. Joy Kadambatt<br>Rev. Fr. Raphael Panjikaran |

| | | |
|---|---|---|
| 16 | Legion of Mary | Rev. Fr. Anto Chungath<br>Rev. Fr. Shaju Kachappilly |
| 17 | Madyavirudha Samithi | Rev. Fr. Anto Chungath<br>Rev. Fr. Shaju Kachappilly |
| 18 | Sacristans' Fellowship | Rev. Fr. Joy Puthenveettil<br>Rev. Fr. Rejoy Pazhayattil |
| 19 | St. Vincent De Paul Soceity | Rev. Fr. Jose Vithamattil<br>Rev. Fr. Siju Komban |
| 20 | Womens' Commission | Rev. Fr. Anto Chungath<br>Rev. Fr. Shaju Kachappilly |
| 21 | Bible Apostolate | Rev. Fr. Joji Kallingal<br>Rev. Fr. Benny Cheruvathur |
| 22 | Prathyasa | Rev. Fr. Joji Kallingal<br>Rev. Fr. Benny Cheruvathur |
| 23 | Justice Forum | Rev. Fr. Joji Kallingal<br>Rev. Fr. Benny Cheruvathur |
| 24 | Christhu Darsan Communications | V. Rev. Fr. Vincent Parayil<br>Rev. Fr. Jino Malakaran |
| 25 | Bless A Home | V. Rev. Fr. Joy Paliekara<br>Rev. Fr. Joseph Gopuram |
| 26 | Mercy Trust | Rev. Fr. ThomasVelakkanadan<br>Rev. Fr. Jijo Thundathil |
| 27 | Vocation | Rev. Fr. Jolly Vadakkan<br>Rev. Fr. Thomas D. Maliekal |

**3. No. ECCLESIASTICAL INSTITUTIONS**

| | | |
|---|---|---|
| 28 | St. Paul's Minor Seminary | Rev. Fr. Jolly Vadakkaln<br>Rev. Fr. Thomas D. Maliekal |
| 29 | Vidyajyothi Book Stall | Rev. Fr. Joji Kallingal<br>Rev. Fr. Benny Cheruvathur |
| 30 | Catechetical Centre | Rev. Fr. Joji Kallingal<br>Rev. Fr. Benny Cheruvathur |
| 31 | PACS (Pastoral Animation Centre for Studies) | Rev. Fr. Sebastian Panjikaran<br>Rev. Fr. Varghese Pathadan |

| | | |
|---|---|---|
| 32 | Spirituality Centre | Rev. Fr. Sebastian Arikat<br>Rev. Fr. Thomas D. Maliekal |
| 33 | Better Life Movement Centre | V. Rev. Fr. Vincent Parayil<br>Rev.Fr. Nixon Chakorya |
| 34 | St. Joseph's Bhavan | Rev. Fr. Sebastian Panjikaran<br>Rev. Fr. Jaju Elamkunnapuzha |
| 35 | Vianney Home, Puliyilakunnu | Rev. Fr. Sebastian Panjikaran<br>Rev. Fr. Jaju Elamkunnapuzha |
| 36 | St. James Academy | Rev. Fr. Pius Cherappanath<br>Rev. Fr. George Pareman |
| 37 | Sahrdaya College of Engineering | V. Rev. Fr. Varghese Chalissery<br>Rev. Fr. Pauly Kannookadan |
| 38 | Corporate Educational Agency | Rev. Fr. George Mangalan<br>Rev. Fr. Saji Valiaveettil |
| 39 | Jesus Training College | Rev. Fr. George Mangalan<br>Rev. Fr. Seby Nadavaramban |
| 40 | Ave Maria Training College (T.T.I) | Rev. Fr. George Mangalan<br>Rev. Fr. Jose Pulluparambil |
| 41 | AVARD | Rev. Fr. Anto Chungath<br>Rev. Fr. Shaju Kachappilly |
| 42 | Navachaithanya | Rev. Fr. Joshy Paliekara<br>Rev. Fr. Jaison Kudiyirickal |
| 43 | Sanjo Sadan | Rev. Fr. Joshi Paliekara<br>Rev. Fr. Jaison Kudiyirickal |
| 44 | St. Antony's Balabhavan | Rev. Fr. John Kavalakkat Jr<br>Rev. Fr. Jose Pulluparambil |
| 45 | Abhaya Bhavan | Rev. Fr. Raphael Ambadan<br>Rev. Fr. Johnson Tharayil |
| 46 | Kolping Press & B.L.M. Press | V. Rev. Fr. Vincent Parayil<br>Rev. Fr. Nixon Chakorya |
| 47 | Santhi Sadan, IJK | Rev. Fr. Raphael Ambadan<br>Rev. Fr. Johnson Tharayil |

| | | |
|---|---|---|
| 48 | Sweet Home | Rev. Fr. Thomas Velakkanadan<br>Rev. Fr. Benny Karumalikkal |
| 49 | St. James' Hospital | Rev. Fr. Pius Cherappanath<br>Rev. Fr. George Pareman |
| 50 | Social Action Forum | V. Rev. Fr. Jose Panthallookaran<br>Rev. Fr. Thomas Aluka |
| 51 | Asha Bhavan | V. Rev. Fr. Jose Panthallookaran<br>Rev. Fr. Riju Pynadath |
| 52 | Asha Nilayam | V. Rev. Fr. Jose Panthallookaran<br>Rev. Fr. Riju Pynadath |
| 53 | Kripa Bhavan | V. Rev. Fr. Jose Panthallookaran<br>Rev. Fr. Kins Elamkunnapuzha |
| 54 | Prakruthy | V. Rev. Fr. Jose Panthallookaran<br>Rev. Fr. Kins Elamkunnapuzha |
| 55 | Sanjo Technical Institute | V. Rev. Fr. Jose Panthallookaran<br>Rev. Fr. Jojo Kuttikadan |
| 56 | Social Forum, Irinjalakuda | V. Rev. Fr. Jose Panthallookaran<br>Rev. Fr. Thomas Aluka |
| 57 | Priests' Welfare Fund | Rev. Fr. Sebastian Panjikaran<br>Rev. Fr. Jaju Elamkunnapuzha |
| 58 | Bishop's House | Rev. Fr. Paul A. Ambookan<br>V. Rev. Fr. Varghese Chalissery |

**4.** **രൂപതാദിനം :** നമ്മുടെ രൂപതാദിനമായ സെപ്തംബർ 10-ന് സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന് രൂപതയുടെ ഔദ്യോഗിക സ്വീകരണം നൽകുന്നു. അന്നേദിനം തന്നെ നമ്മുടെ അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ പൗരോഹിത്യ സുവർണ്ണജൂബിലിയും രൂപതാദിനവും ആഘോഷിക്കുന്നു. രാവിലെ 9.45-ന് അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പിനും ജൂബിലേറിയനും മറ്റു അഭിവന്ദ്യ പിതാക്കന്മാർക്കും സ്വീകരണം നൽകും. തുടർന്ന് അഭിവന്ദ്യ ജെയിംസ് പഴയാ റ്റിൽ പിതാവിന്റെയും മേജർ ആർച്ചുബിഷപ്പ് അടക്കമുള്ള മറ്റു മെത്രാന്മാരുടെയും കാർമ്മികത്വത്തിൽ രൂപതയിലെ മുഴുവൻ

വൈദികരും പങ്കെടുക്കുന്ന സമൂഹബലി കത്തീഡ്രൽ ദേവാലയത്തിൽ അർപ്പിക്കും. വി. ബലിക്കുശേഷം കത്തീഡ്രൽ പാരിഷ്ഹാളിൽ പൊതുസമ്മേളനവും സ്നേഹവിരുന്നും ഉണ്ടാകും. ഉച്ചകഴിഞ്ഞ് 2.30-ന് ആളൂർ ബി.എൽ.എം. കോംപ്ലക്സിൽ രൂപതയിലെ എല്ലാ സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കുംവേണ്ടി സജ്ജീകരിച്ചിട്ടുള്ള ഓഫീസ് സമുച്ചയമായ മാർ തോമാ സെന്ററിന്റെ (MTC) വെഞ്ചിരിപ്പും ഉദ്ഘാടനവും മേജർ ആർച്ചുബിഷപ്പ് നിർവ്വഹിക്കും. രൂപതാദിനത്തിൽ രൂപതക്കും രൂപതാദ്ധ്യക്ഷനും വേണ്ടി പ്രാർത്ഥിക്കണം. അന്നേദിവസത്തെ പരിപാടികളിൽ ബഹു. വൈദികർ, റീജിൻസി സഹോദരന്മാർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സന്യാസ - സന്യാസിനീ സമൂഹങ്ങളുടെ സുപ്പീരിയേഴ്സ്, നടത്തു കൈക്കാരന്മാർ എന്നിവരും പ്രത്യേകം ക്ഷണിക്കപ്പെട്ട മറ്റു വ്യക്തികളും പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

5. **പള്ളി കണക്കുകൾ :** ഓഡിറ്റ് ചെയ്തതിന്റെ ബാലൻസ് ഷീറ്റ് ഇനിയും കൊണ്ടുപോയിട്ടില്ലെങ്കിൽ രൂപതാ പ്രൊക്കുറേറ്ററിൽനിന്ന് വാങ്ങി കൊണ്ടുപോകേണ്ടതാണ്.
6. **വൈദികരുടെ മാസധ്യാനം :** സെപ്തംബറിലേത് അതാത് ഫൊറോനകളിൽ വച്ചായിരിക്കും.
7. **സെപ്തംബർ 8 :** പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ
8. **സെപ്തംബർ 14 :** വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
9. **മിഷൻ സൺഡേ - ഒക്ടോബർ 23 :** മിഷൻ ഞായർ കലണ്ടറുകളും കവറുകളും സെപ്തംബർ 20 മുതൽ രൂപതാകേന്ദ്രത്തിൽ നിന്ന് കൊണ്ടുപോകാവുന്നതാണ്. രൂപതാ ഡയറക്ടറിയിൽ ചേർത്തിരിക്കുന്ന വീടുകളുടെ എണ്ണം അനുസരിച്ചാണ് കലണ്ടറുകളും കവറുകളും കൊണ്ടുപോകേണ്ടത്.
10. **2012 ലെ നോമ്പ് - ഉയിർപ്പുകാലങ്ങൾ :** ഫെബ്രുവരി 19 നോമ്പ് 1-ാം ഞായർ; ഫെബ്രുവരി 20 വിഭൂതി; ഏപ്രിൽ 1 ഓശാന; ഏപ്രിൽ 6 ദുഃഖവെള്ളി; ഏപ്രിൽ 8 ഉയിർപ്പു ഞായർ; മെയ് 27 പന്തക്കുസ്താ തിരുനാൾ.
11 മറ്റത്തൂർ ഇടവകയിൽ MSMI കോൺവെന്റ് ജൂൺ 13-ന് സ്ഥാപിതമായി. അഡ്രസ്സ് : MSMI കോൺവെന്റ്, മറ്റത്തൂർ - 680684, ഫോൺ : 9496557125.

**രൂപതാ കാര്യാലയം** **മോൺ. ജോസ് ഇരിമ്പൻ**
20. 08. 2011 വികാരി ജനറാൾ

# മതബോധനം

1. **B.C.T.കോഴ്സ് :** വിദ്യാജ്യോതിയിൽ വെച്ച് സെപ്തംബർ 8, 10, 11 തിയ്യതികളിൽ 9.00 a.m. മുതൽ 4.00 p.m. വരെ B.C.T. കോഴ്സിന്റെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ഫീസ് 200 രൂപ. എല്ലാ നവാദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

2 **സംയുക്ത സമ്മേളനം :** ഫൊറോന വികാരി, ഫൊറോന ഡയറക്ടർ, ഫൊറോന സെക്രട്ടറി എന്നിവരുടെ സമ്മേളനം സെപ്തംബർ 22-ാം തിയ്യതി വ്യാഴാഴ്ച രാവിലെ 10 മുതൽ 2 വരെ ഉണ്ടായിരിക്കുന്നതാണ്.

3 **പ്രൈവറ്റ് രജിസ്ട്രേഷൻ X-XII ക്ലാസ്സുകൾ :** രജിസ്ട്രേഷന്റെ അവസാന തിയ്യതി സെപ്തംബർ 22 വരെ ആയിരിക്കും. രജി. ഫീസ് 100 രൂപ. രജിസ്ട്രേഷൻ ഫോറം വിദ്യാജ്യോതിയിൽനിന്ന് കൊണ്ടുപോകാവുന്നതാണ്.

4 **സൺഡേ സ്ക്കൂൾ അർദ്ധവാർഷിക പരീക്ഷ:**

ഒക്ടോബർ 2ഞായർ : Std VIII - XII : 2.00 p.m. - 4.00 p.m.
ഒക്ടോബർ 9 ഞായർ : Std I - VII : 2.00 p.m. - 4.00 p.m.

കഴിഞ്ഞ വർഷങ്ങളിൽ ഫൊറോനകളിൽ സ്തുത്യർഹമായി സേവനമനുഷ്ഠിച്ച ഫൊറോന മതബോധന ഡയറക്ടർമാരായ

| | | |
|---|---|---|
| ചാലക്കുടി | - | ബഹു. തോമസ് വെളക്കനാടനച്ചൻ |
| കുറ്റിക്കാട് | - | ബഹു. ഷിബു നെല്ലിശ്ശേരിയച്ചൻ |
| ഇരിങ്ങാലക്കുട | - | ബഹു. ഷാജു പീറ്റർ കാച്ചപ്പിള്ളിയച്ചൻ |
| അമ്പഴക്കാട് | - | ബഹു. ജിജി കുന്നേലച്ചൻ |
| കൊടകര | - | ബഹു. സണ്ണി കളമ്പനാത്തടത്തിലച്ചൻ |

എന്നീ എല്ലാ അച്ചന്മാരും മതബോധനത്തിനായ് ചെയ്ത എല്ലാ സേവനങ്ങൾക്കും പ്രത്യേകം നന്ദിയും കടപ്പാടും അറിയിക്കുന്നു.

പുതുതായി ഉത്തരവാദിത്വം ഏറ്റെടുത്ത ഫൊറോന ഡയറക്ടർമാരായ

| | | |
|---|---|---|
| അമ്പഴക്കാട് | - | ബഹു. അനിൽ പുതുശ്ശേരിയച്ചൻ |
| ചാലക്കുടി | - | ബഹു. ജോസ് അമ്പൂക്കനച്ചൻ |
| ഇരിങ്ങാലക്കുട | - | ബഹു. ജോസ് പുല്ലൂപറമ്പിലച്ചൻ |
| കുറ്റിക്കാട് | - | ബഹു. ലിജോ കളപ്പുറമ്പത്തച്ചൻ |
| കൊടകര | - | ബഹു. ബെന്നി ചെറുവത്തൂരച്ചൻ എന്നീ എല്ലാ |

അച്ചന്മാർക്കും എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## Daily Catechism & Moral Science

മതസന്മാർഗ്ഗബോധന അർദ്ധവാർഷിക പരീക്ഷ : Std I - XII വരെ 2011 സെപ്തംബർ 13 ചൊവ്വാഴ്ച. ഒരു ചോദ്യപേപ്പറിന് ഒരു രൂപ വീതം, അടച്ച് സെപ്തംബർ 6–ാം തിയ്യതി മുതൽ സ്കൂളിലേക്ക് കൊണ്ടു പോകാവുന്നതാണ്.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ



## ബൈബിൾ അപ്പസ്തോലെറ്റ്

2011 ലോഗോസ് ക്വിസിന്റെ പരീക്ഷ സെപ്തംബർ 25 ന് ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ അതാത് യൂണിറ്റുകളിൽ വെച്ച് നടത്തുന്നു. സെപ്തംബർ 15–ാം തിയ്യതി മുതൽ ഹാൾ ടിക്കറ്റും പരീക്ഷയ്ക്ക് മേൽനോട്ടം വഹിക്കുന്നവരുടെ ലിസ്റ്റും കൊണ്ടുപോകാ വുന്നതാണ്.

സെപ്തംബർ 24–ാം തിയ്യതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.30–ന് ചാല ക്കുടി മേഖലയിലുള്ളവർ ചാലക്കുടി ഫൊറോനപള്ളിയിലും, മാള മേഖലക്കാർ മാള ഫൊറോന പള്ളിയിലും, ഇരിങ്ങാലക്കുട മേഖലയിലു ള്ളവർ വിദ്യാജ്യോതിയിലും വന്ന് ഉത്തര കടലാസും ചോദ്യപേപ്പറും കൊണ്ടുപോകേണ്ടതാണ്. കൃത്യസമയത്ത് വരാൻ പ്രത്യേകം ശ്രദ്ധിക്ക ണെ.

സെപ്തംബർ 26–ാം തിയ്യതി തിങ്കളാഴ്ച 12 മണിയ്ക്ക് മുമ്പായി ചാലക്കുടി ഫൊറോന പള്ളിയിലും മാള ഫൊറോനപള്ളിയിലും അതാത് മേഖലയിൽപ്പെട്ട പള്ളികളിലെ ഉത്തരപേപ്പറുകൾ എത്തിക്കേണ്ടതാണ്. സമയത്തിന് എത്തിച്ചേരാത്തവർ വിദ്യാജ്യോതിയിൽ നേരിട്ട് കൊണ്ടുവ രേണ്ടതാണ്. ഇരിങ്ങാലക്കുട മേഖലയിലെ യൂണിറ്റുകൾ ഉത്തരപേപ്പറു കൾ വിദ്യാജ്യോതിയിൽ നേരിട്ട് എത്തിക്കേണ്ടതാണ്. നിബന്ധനകൾ അനുസരിച്ച് ലോഗോസ് ക്വിസ് പരീക്ഷ കൃത്യതയോടെ ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണെ. സ്വന്തം പേരും ഇടവകയുടെ പേരും കൃത്യ മായി എഴുതേണ്ടതാണ്.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

## ബ്ലസ് എ ഹോം
## ഒരു വീടിനെ അനുഗ്രഹിക്കൂ.

**മിഷൻ രൂപതകളിലേയ്ക്ക്**

നമ്മുടെ രൂപതയിൽ മാത്രമല്ല, ഭാരതത്തിലെ മിഷൻ രൂപതകളിലേക്കും അവിടെയുള്ള പാവപ്പെട്ട കുടുംബങ്ങളുടെ പുനരുദ്ധാരണത്തിനായി സീറോമലബാർസഭയുടെ പ്രേഷിതവർഷത്തോടനുബന്ധിച്ച് ഇരിങ്ങാലക്കുട രൂപതയുടെ കുടുംബക്ഷേമപദ്ധതിയായ "ബ്ലസ് എ ഹോം" പദ്ധതിയിൽനിന്ന് 50 ലക്ഷം രൂപ ആ രൂപതകളിൽനിന്ന് തെരെഞ്ഞെടുക്കുന്ന കുടുംബങ്ങൾക്ക് 5 വർഷം കൊണ്ട് നൽകുന്നു.

ഇതിനുള്ള സമ്മതപത്രം പ്രേഷിത വർഷത്തിന്റെ സീറോമലബാർ സഭാതല ഉദ്ഘാടന കർമ്മം നടന്ന കൊടുങ്ങല്ലൂർ സെന്റ് മേരിസ് പള്ളിയിൽവെച്ച് മാർ പോളി കണ്ണൂക്കാടൻ പിതാവ് തൃശൂർ അതിരൂപത മെത്രാപ്പോലിത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് നൽകി. താഴത്ത് പിതാവ് പ്രേഷിതവർഷം കൺവീനറായ മാർ സെബാസ്റ്റ്യൻ വടക്കേൽ പിതാവിന് അത് നൽകുകയുണ്ടായി.

ഇരിങ്ങാലക്കുട രൂപതയുടെ ബ്ലസ്സ് എ ഹോം പദ്ധതിയിൽ 130 ഇടവകകളിൽനിന്ന് തെരഞ്ഞെടുത്ത 700 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ 38,70,000 രൂപ നൽകിയിട്ടുണ്ട്. ഇവർക്ക് രൂപ എടുക്കുവാനുള്ള സൗകര്യാർത്ഥം 3 മേഖലകളിലായി ബ്ലസ്സ് എ ഹോം ഓഫീസുകൾ ആരംഭിക്കുന്നു.

| മേഖല | ഓഫീസ് | ദിവസം | സമയം |
|---|---|---|---|
| ഇരിങ്ങാലക്കുട | ബിഷപ്സ് ഹൗസ് | തിങ്കൾ, ബുധൻ | 10 am-12.30 pm |
| മാള | ഫൊറോന പള്ളി | ബുധൻ, വെള്ളി | 10 am-12.30 pm |
| ചാലക്കുടി | ഫൊറോന പള്ളി | ചൊവ്വ, വ്യാഴം | 10 am-12.30 pm |

ചാലക്കുടിയിലും മാളയിലും ഒക്ടോബർ 1 ന് ശേഷമേ ഓഫീസ് പ്രവർത്തിക്കുകയുള്ളൂ. ഈ പദ്ധതിയിൽ ഗുണകാംക്ഷികളാകുന്ന നല്ല മനസ്സുകളെ നന്ദിയോടെ ഓർക്കുന്നു. വീടുകളിലും പള്ളികളിലും ആഘോഷം നടക്കുമ്പോൾ പാവപ്പെട്ട കുടുംബങ്ങൾക്ക് സഹായം നൽകാൻ പ്രോൽസാഹിപ്പിക്കണെ.

### സംഭാവന നല്കിയവർ

| | | |
|---|---|---|
| 1 | Mrs. Liji Nellikkattil, U.S.A. | 3,00,000 |
| 2 | Mr. Joby Kannookadan, U.S.A | 6000 |
| 3 | Rev. Fr. Vicar & Parishioners Infant Jesus Church, Kallettumkara | 8000 |

| | | |
|---|---|---|
| 4 | Provincial Superior & Sisters, Udaya Province IJK. | 5,000 |
| 5 | Pro. Paulson Manjaly IJK. | 10,000 |
| 6 | Panthallookaran Lonappan Sons, Kodakara | 10,000 |
| 7 | Mr. Robin Panachikal Kodunga | 12,000 |
| 8 | Mr. Johnson Nayankara Mapranam | 20,000 |
| 9 | Mr. Thomas Meleppuram, Potta | 1,00,000 |
| 10 | Rev. Fr. Vicar& Parishioners, St. Little Flower Church Potta | 10,000 |
| 11 | Adv. Jaison Kunduparambil Aripalam | 5,000 |
| 12 | Alapatt Joseph Andrews, Kattoor | 5,000 |
| 13 | Kaitharath Varghese Antony Kattoor | 12,000 |
| 14 | Mr. Jose Painadath, U.K. | 12,000 |
| 15 | Rev. Fr. Vicar & Parishioners, St. Joseph's Church Vellangalloor | 40,681 |
| 16 | Mr. P.O. Francis Thattilperumbilly Velayanad | 6,000 |
| 17 | Rev. Fr. Vicar & Parishioners, St. Joseph's Church, Aloor | 3,57,000 |
| 18 | Mr. Paul V Chittilapilly, Saudi Arabia | 30,000 |
| 19 | Rev. Fr. Vicar & Parishioners, Devamatha Church Vallappady | 6,000 |
| 20 | Sister Superior & Community, Orsolo Convent Vallappady | 5,000 |
| 21 | Society of Vincent De Paul Members IJK. | 12,000 |
| 22 | Rev. Fr. Vicar & Parishioners, St. Joseph's Church North Chalakudy | 55,555 |
| 23 | Mr. Binoy Chenyara Kodunga | 40,000 |
| 24 | Rev. Fr. Vicar & Parishioners, St. Sebastian Church Edakulam | 1,15,000 |
| 25 | Dr. Shery Andrews Palathingal | 12,000 |

**ഫാ. വർഗ്ഗീസ് അരിക്കാട്ട് (Jr.)**
മാനേജിംഗ് ട്രസ്റ്റി

## പാക്സ്

**പ്രീ – കാന :** സെപ്തംബർ : 5, 6, 7;
26, 27, 28 തിയ്യതികളിൽ

**ഫാ. പോളി പടയാട്ടി**
ഡയറക്ടർ

## ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ

**Feast - September**

21. Fr. Jaison Karippai
    Fr. Gigi Kunnel
    Fr. Joji Palamattam
27. Fr. Vincent Alappat
    Fr. Vincent Chalissery
    Fr. Vincent Chembakassery
    Fr. Wilson Eluvathingal Koonan
    Fr. Vincent Parayil
    Fr. Wilson Pereppadan
29. Fr. Shibu Nellissery
    Fr. Raphael Ambadan
    Fr. Raphael Moolan
    Fr. Raphael Panjikaran
    Fr. Roy Panikulangara
    Fr. Raphael Puthenveettil

**Birth day - September**

1. Fr. Jobby Pozholiparambil
5. Fr. Nevin Attokaran
10. Fr. Jose Malieckal
11. Fr. Davis Kallingal
13. Fr. Davis Ambooken
16. Fr. Benny Karumalickal
    Fr. Anto Parekadan
17. Fr. Joseph Cheruvathur
    Fr. Varghese Thettayil
    Fr. Paul Mangalan
18. Fr. Antony Thekkineth
    Fr. Wilson Pereppadan
19. Fr. John Vazhappilly
23. Fr. Seby Nadavaramban
24. Fr. Shaji Thekkekara
26. Fr. Davis Koottala
27. Fr. Joy Alappat
    Fr. Cyriac Ambookan
    Fr. Jaison Parekatt
29. Fr. Aji John Chungath
30. Fr. George Chirammel

ഏവർക്കും ഹൃദ്യമായ മംഗളാശംസകൾ!

## എമ്മാനുവേൽ 2011

ഇരിങ്ങാലക്കുട സ്പിരിചാലിറ്റി സെന്ററിൽ ബഹു. സേവ്യർ ഖാൻ വട്ടായിലച്ചനും ടീമംഗങ്ങളും നയിക്കുന്ന ആത്മാഭിഷേക ബൈബിൾ കൺവെൻഷൻ നവംബർ 11, 12, 13 (വെള്ളി ശനി, ഞായർ) ദിവസങ്ങളിൽ നടത്തപ്പെടുന്നു.

**ഫാ. തോമസ് മേനാച്ചേരി**
വൈസ് റെക്ടർ
ഫോൺ : 0480-2821622

## സോഷ്യൽ ആക്ഷൻ

1. 2. 9. 2011 രാവിലെ 10 മുതൽ 12 വരെ 'മഴവില്ല്' പദ്ധതിയുടെ ഭാഗമായി ഇരിങ്ങാലക്കുട നാഷണൽ സ്ക്കൂളിൽ വെച്ച് അദ്ധ്യാപകർക്കായി ക്ലാസ്സ്.
2. 3. 9. 2011 രാവിലെ10 ന് ഗവൺമെന്റ് പദ്ധതികളെക്കുറിച്ചും, N.G..O. പങ്കാളിത്തത്തെക്കുറിച്ചും എല്ലാ സോഷ്യൽ ആക്ഷൻ സ്റ്റാഫ് അംഗങ്ങളും പങ്കെടുക്കുന്ന യോഗം.
3. 4.9.2011 രാവിലെ 11 മുതൽ 1 വരെ കുഴൂരിൽ വെച്ച് V.S.Roy (Assi. Director, Agricultural Dept) നയിക്കുന്ന ക്ലാസ്സ് Organic & Dairy Farming.

3. 15.9.2011 ന് ഉച്ചതിരിഞ്ഞ് 2 മുതൽ 3 വരെ IDEA യുടെ ഭാഗമായി സോഷ്യൽ ആക്ഷൻ കോൺഫറൻസ് ഹാളിൽവെച്ച് CDC മീറ്റിംഗ്.

4. 17. 9. 2011 ന് രാവിലെ10 മുതൽ 1 വരെ കുറ്റിക്കാട് ഹൈസ്ക്കൂളിൽ വെച്ച് IDEAയുടെ ഭാഗമായി SSLC വിദ്യാർത്ഥികൾക്കായി ഫാ. പോളി കണ്ണൂക്കാടൻ നയിക്കുന്ന മദ്യവിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ്.

**അറിയിപ്പ് ;-**

ഹൈസ്ക്കൂൾ - ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥികളുടെ സമഗ്രവികസനത്തിനായി സോഷ്യൽ ആക്ഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന 'മഴവില്ല്' പദ്ധതിയുടെ ഭാഗമായി വ്യക്തിത്വ വികസന പ്രവർത്തനങ്ങളിൽ പ്രഗത്ഭരായ കൗൺസിലർമാർ, ഡോക്ടർമാർ, സാമൂഹ്യപ്രവർത്തകർ, വിദ്യാഭ്യാസ വിചക്ഷണന്മാർ, പരിസ്ഥിതി പ്രവർത്തകർ എന്നിവരുടെ സേവനത്തിന് സ്കൂൾ അധികാരികൾ സോഷ്യൽ ആക്ഷൻ ഫോറം ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

5. 14,15 തിയ്യതികളിൽ (സെപ്തംബർ) രാവിലെ10 മുതൽ 5 വരെ, 2011-2020 കാലയളവിലെ സോഷ്യൽ ആക്ഷൻ പ്രവർത്തന കാഴ്ചപ്പാടിനെക്കുറിച്ചുള്ള Diocesan Perpective Planning (DPP) വിചിന്തനം, സോഷ്യൽ ഫോറം കോൺഫറൻസ് ഹാളിൽവെച്ച് നടക്കുന്ന മീറ്റിംഗിൽ ശ്രീ. K.A.Sebastian (Caritas India Officer For Fecilitator DPP) പങ്കെടുക്കുന്നു.

**ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ**
ഡയറക്ടർ

# സംഘടനാവാർത്തകൾ

## തിരുബാലസഖ്യം

2011 ജൂലൈ 16-ാം തിയ്യതി ശനിയാഴ്ച 10.30 am ന് ഇരിങ്ങാലക്കുട വിദ്യാജ്യോതിയിൽവെച്ച് രൂപതാ ആനിമേറ്റേഴ്സ് മീറ്റിങ്ങ് നടന്നു. ഈ വർഷം മുതൽ വരിസംഖ്യ ഒരു കുട്ടിക്ക് 5 രൂപ വെച്ചും, കലോൽസവത്തിന് രജിസ്ട്രേഷൻ ഫീസ് 10 രൂപ നൽകണമെന്നും തീരുമാനിച്ചു.

**പുതിയ ഭാരവാഹികൾ.**

സി. ജിയോ മരിയ CSS, അമ്പഴക്കാട്, സി. ജെസിയ C MC., മാള, സി. അനിത FCC., ചാലക്കുടി, സി. അനുപമ C MC., കുറ്റിക്കാട്, സി. ദീപ്തി M S.M. I., കൊടകര, ഷീന ഫ്രാൻസിസ്, കൽപറമ്പ്, സി. ലിൻസി എടത്തിരുത്തി, വർഷ ജോസ് പുത്തൻചിറ, സി. ജിസ് മരിയ, പറപ്പൂക്കര, മോളി ജോസ്, ഇരിങ്ങാലക്കുട.

**ലീഡേഴ്സ് മീറ്റ് :-**

ആഗസ്റ്റ് 6-ാം തിയ്യതി കല്ലേറ്റുംകര പാക്സിൽ വെച്ച് ലീഡേഴ്സ് മീറ്റ് നടന്നു. റവ. ഫാ. തോമസ് വെളക്കനാടൻ മീറ്റ് ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജോസ് പുല്ലുപറമ്പലിന് ഷിബു നെല്ലിശ്ശേരി അച്ചൻ യാത്രയയപ്പ് സന്ദേശവും സി. അഞ്ജലി ആശംസയും നൽകി. ഫാ. തേജസ് പീടികതുണ്ടിയിൽ ക്ലാസ്സ് നയിച്ചു. 12.30 ന് ലീഡേഴ്സിന്റെ തിരെഞ്ഞെടുപ്പ് നടന്നു. മാസ്റ്റർ അബി ഡേവീസ് മുപ്ലിയം., കുമാരി ആൻസി സി. ജോസ് - കൽപറമ്പ് എന്നിവരെ പുതിയ ലീഡേഴ്സായി തിരഞ്ഞെടുത്തു. സി. റ്റാലിയ എല്ലാവർക്കും നന്ദി പറഞ്ഞു.

N B - കലോൽസത്തിന്റെ ഫോം പൂരിപ്പിച്ച് സെപ്തംബർ 7-ാം തിയ്യതിക്ക് മുമ്പ് ഓഫീസിൽ എത്തിക്കേണ്ടതാണ്. ഫോം കൊണ്ടു പോകാത്തവർ ഓഫീസിൽനിന്നും വാങ്ങേണ്ടതാണ്.

പുതിയ ഡയറക്ടറച്ചന്റെ അഡ്രസ്സ്

**Rev. Fr. Shibu Nellissery,** St.Antony's Church

Kottatt, Ph: 9745338087.

**ഫാ. ഷിബു നെല്ലിശ്ശേരി**
ഡയറക്ടർ

## ജീസസ് യൂത്ത്

രൂപതാ ജീസസ് യൂത്ത് ഒരുക്കുന്ന ഒരു വർഷം നീണ്ടു നിൽക്കുന്ന ട്രെയിനിംഗ് പ്രോഗ്രാമാണ് Apostle 2011, Be an Apostle

Date : September 7 th

Time : 5pm to 11th 1pm

Venue - Ave Maria, TTI, Pulparakunnu, Kodakara

ഒരു മിഷനറിയായി രൂപപ്പെടാൻ ജീസസ് യൂത്ത് ഒരുക്കുന്ന ഈ പ്രോഗ്രാം സെപ്തംബറിൽ നടക്കുന്ന ധ്യാനത്തിലൂടെയും ട്രെയിനിംഗിലൂടെയുമാണ് ആരംഭിക്കുന്നത്.

**ഫാ. ബിനോയ് പൊഴോലിപറമ്പിൽ**
ഡയറക്ടർ

---

## കെ.സി.വൈ.എം.

1 **സെപ്തംബർ 5 :** K.C.Y.M ഓണാഘോഷവും മദർതെരേസ അനുസ്മരണവും സാന്ത്വനത്തിൽ വെച്ച് നടത്തപ്പെടും.

2 **സെപ്തംബർ 10 :** മാള മേഖല ഏകദിന സെമിനാർ. മാള മേഖലയിലെ K.C.Y.M യൂണിറ്റുകളിൽനിന്ന് 10ൽ കുറയാതെ അംഗങ്ങൾ പങ്കെടുക്കേണ്ടതാണ്.

3 **സെപ്തംബർ 25 :** K.C.Y.M അർദ്ധവാർഷിക സെനറ്റ്. സ്ഥലം പിന്നീട് അറിയിക്കുന്നതാണ്.

**അഭിനന്ദനങ്ങൾ**

* കേരളകത്തോലിക്കാ സഭയുടെ യുവജനദിനത്തോടനുബന്ധിച്ച് രൂപത K.C.Y.M ന്റെ യുവജനദിനാഘോഷ പരിപാടികൾക്ക് ആതിഥേയത്വം വഹിച്ച വെള്ളാങ്കല്ലൂർ K.C.Y.M യൂണിറ്റിന് പ്രത്യേകം അഭിനന്ദനങ്ങൾ.
* രൂപത K.C.Y.M-ന്റെ ഇരിങ്ങാലക്കുട മേഖല ഏകദിന സെമിനാർ യുവദർശൻ 2011ന് ആതിഥേയത്വം വഹിച്ച വള്ളിവട്ടം യൂണിറ്റിന് രൂപത K.C.Y.M-ന്റെ അഭിനന്ദനങ്ങൾ.

**ഫാ. കിൻസ് എളങ്കുന്നപ്പുഴ**
ഡയറക്ടർ

**VII Micro Enterprises Dept.**

1 **Home Appliances Scheme :** അവാർഡിന്റെ നേതൃത്വത്തിൽ 9-ാം ഘട്ട ഗൃഹോപകരണ പദ്ധതി സെപ്തംബറിൽ തുടങ്ങുന്നു.

2 **Scholarship Distribution :** മൈക്രോ ഗ്രൂപ്പ് ഇൻഷൂറൻസ് ആരോഗ്യ സുരക്ഷാ പദ്ധതിയിലെ 22 വിദ്യാർത്ഥികൾക്ക് 26,400 രൂപ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

**ഫാ. ലിജുപോൾ പറമ്പത്ത്**
എക്സി. ഡയറക്ടർ.

---

### നന്ദിയുടെ പൂച്ചെണ്ടുകൾ!

2011 ആഗസ്റ്റ് 21-ാം തിയ്യതി കൊടുങ്ങല്ലൂർ സെന്റ് മേരീസ് പള്ളിയങ്കണത്തിലെ സെന്റ് തോമസ് സ്ക്വയറിൽ നടത്തിയ സീറോമലബാർ പ്രേഷിത വർഷത്തിന്റെ സഭാതല ഉദ്ഘാടനം വിജയിപ്പിക്കാൻ സഹകരിച്ച എല്ലാവർക്കും നന്ദി. പ്രത്യേകമായി എല്ലാ കമ്മിറ്റി കൺവീനേഴ്സിനും അംഗങ്ങൾക്കും കൊടുങ്ങല്ലൂർ വികാരി ബഹു. ആന്റോ കരിപ്പായി അച്ചനും ഇടവകക്കാർക്കും ഇടവകാതിർത്തിയിലെ സന്യസ്ത സമൂഹങ്ങൾക്കും പോലീസ് അധികാരികൾക്കും മാധ്യമ പ്രവർത്തകർക്കും നാട്ടുകാർക്കും നന്ദി. ഏറെ പ്രത്യേകമായി എല്ലാ ബഹു. അച്ചന്മാർക്കും ഇടവകകളിൽ നിന്നും വന്ന പ്രതിനിധികൾക്കും എല്ലാ സന്യസ്ത സഹോദരീസഹോദരങ്ങൾക്കും നന്ദി അർപ്പിക്കുന്നു ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നു.

**മോൺ. ജോസ് ഇരിമ്പൻ**
പ്രോട്ടോ സിഞ്ചെല്ലൂസ്

---

## സ്മരണാഞ്ജലി



മോൺ. ജോസഫ് കടമ്പാട്ട് : 29-09-1996
മോൺ. ജോൺ മാളിയേക്കൽ : 05-09-1999
റവ. ഫാ. തോമസ് പാറേക്കാടൻ : 15-09-2007
റവ. ഫാ. ജോൺ മാളിയേക്കൽ : 29-09-2008

## സ്പിരിച്വാലിറ്റി സെന്റർ

1 **കുമ്പസാരം :** ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും രാവിലെ 7 മുതൽ വൈകീട്ട് 5 വരെ കുമ്പസാരത്തിന് സൗകര്യം ഉണ്ടായിരിക്കും.

2. **കൗൺസലിങ്ങ് :** തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ രാവിലെ 9 മുതൽ വൈകീട്ട് 5 വരെ കൗൺസലിംഗിന് സൗകര്യമുണ്ട്. മുൻകൂട്ടി വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്. ഫോൺ : 2821622

3 **ആരാധന :** തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ രാവിലെ 8 മുതൽ വൈകീട്ട് 8 വരെ ആരാധനയ്ക്ക് എഴുന്നള്ളിച്ചുവച്ചിരിക്കും. നിശ്ശബ്ദ ആരാധനയാണ് നടത്തപ്പെടുക.

4. **നൊവേന :** എല്ലാ ചൊവ്വാഴ്ചകളിലും 8 മണിക്കുള്ള കുർബാനയോട് ചേർന്ന് വി. അന്തോണീസിനോടുള്ള ആഘോഷമായ നൊവേന ഉണ്ടായിരിക്കുന്നതാണ്.

5 **ബി. പ്ലസ് :** മാസത്തിൽ ആദ്യചൊവ്വാഴ്ച രാവിലെ 9 മുതൽ 3 വരെ വൃദ്ധരുടെയും രോഗികളുടെയും കൂട്ടായ്മ, വചനസന്ദേശം, കുമ്പസാരം, കൗൺസലിങ്ങ്, അഭിഷേക ആരാധന എന്നിവ ഉണ്ടായിരിക്കും.

6 **ദിവ്യകാരുണ്യ നൊവേന :** എല്ലാ വ്യാഴാഴ്ചകളിലും രാവിലെ 8 മണിക്ക് ആഘോഷമായ ദിവ്യബലി, വചനസന്ദേശം, ദിവ്യകാരുണ്യ നൊവേന, ആരാധന എന്നിവ നടത്തപ്പെടുന്നു.

7 **വചനപ്രഘോഷണവും ആന്തരിക സൗഖ്യആരാധനയും :** എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ പ്രസിദ്ധ വചനപ്രഘോഷകർ നയിക്കുന്ന വചനശുശ്രൂഷ, ദിവ്യബലി, കുമ്പസാരം, കൗൺസലിങ്ങ്, ആന്തരിക സൗഖ്യ ആരാധന, തൈലാഭിഷേക പ്രാർത്ഥന, ബന്ധനമോചനശുശ്രൂഷ എന്നിവ നടത്തപ്പെടുന്നു.

8 **വിധവാസംഗമം :** 5–ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10 മുതൽ ഉച്ചക്ക് 2 വരെ (ഇരിങ്ങാലക്കുട മേഖലയിലും അതിനടുത്ത ഇടവകകളിലും ഉള്ളവർക്ക്)

9 **ജെറീക്കോ പ്രാർത്ഥന :** 10–ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5 മണിയുടെ കുർബാനയോടെ ആരംഭിക്കുന്നു. രാത്രി 8.30ന് സമാപിക്കുന്നു.

10 **സിസ്റ്റേഴ്സിന്റെ മാസധ്യാനം :** 17–ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെ.

11 **അഖണ്ഡ ജപമാല :** 25–ാം തിയ്യതി ഞായറാഴ്ച രാവിലെ 10–ന് ആരംഭിച്ച് വൈകീട്ട് 5 മണിയുടെ കുർബാനയോടെ സമാപിക്കുന്നു.

12 **പ്രേഷിത കൂട്ടായ്മ :** 29–ാം തിയ്യതി വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് 2.30–ന്

**ഫാ. തോമസ് മേനാച്ചേരി**
വൈസ് റെക്ടർ

# അവാർഡ്

## I Spiritual Renewal Day

1 **മാസധ്യാനം :-** ബഹു.അച്ചന്മാർക്കും സിസ്റ്റേഴ്സിനുമുള്ള മാസ ധ്യാനം സെപ്തംബർ 1-ന് വ്യാഴാഴ്ച രാവിലെ 9 മണി മുതൽ 4 മണി വരെ പരിയാരം CSR-ൽ വെച്ച് നടത്തുന്നു.

2 **ഓണാഘോഷം :** അവാർഡ് കുടുംബം ഒന്നാകെ സെപ്തംബർ 8-ന് ഓണം ആഘോഷിക്കുന്നു.

## II Family Development Department

1. **Counselling:-** വിവിധ മാനസിക-കുടുംബപ്രശ്നങ്ങളുമായി വരുന്നവർക്ക് കൗൺസലിങ്ങ് സേവനം അവാർഡിൽ ലഭ്യമാക്കുന്നു.

2 സ്ക്കൂൾ-കോളേജ് തല കൗൺസലിംഗ് :- ചാലക്കുടി സേക്രഡ് ഹാർട്ട് കോളേജിൽവച്ച് എല്ലാ വ്യാഴാഴ്ചകളിലും കൗൺസിംഗ് നടത്തപ്പെടുന്നു.

3. **Legal Advice:-** കുടുംബപ്രശ്നങ്ങളുമായി വലയുന്നവർക്ക് ലീഗൽ അഡ്വൈസറുടെ സൗജന്യ സേവനം അവാർഡിൽ ലഭ്യമാക്കുന്നു.

## III Research & Training Department

1 **Mobile Mechanic Course** : അളഗപ്പ ത്യാഗരാജൻ പോളി ടെക്നിക്ക് ഈ കോഴ്സ് നടത്തുന്നു.

## IV Community Based Rehabilitation Programme

**Physio -Therappy & Speech Therapy:-** അവാർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന 4 സർഗകൾ അവരുടെ വാർഷികം ആഘോഷിക്കുന്നു.

## VI Agriculture Dept.

1 **മുട്ടക്കോഴി വിതരണം :** കാരത്തോട് നീർത്തട പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട150 ഗുണഭോക്താക്കൾക്കായി 750 മുട്ടക്കോഴികളെ വിതരണം ചെയ്യുന്നു.

2 **നീർത്തട ഗ്രാമസഭ :** വേളൂക്കര, പുത്തൻചിറ ഗ്രാമപഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന അരീക്കൽതോട് നീർത്തട പദ്ധതിയുടെ നീർത്തട ഗ്രാമസഭ കുതിരത്തടം പള്ളിഹാളിൽവെച്ച് നടത്തപ്പെടുന്നു.

# സെന്റ് പോൾസ് മൈനർ സെമിനാരി

1 പുതിയ ആദ്ധ്യാത്മിക ഉപദേഷ്ടാവ് ബഹു. തോമസ് പഞ്ഞിക്കാര നച്ചന് സെമിനാരി കുടുംബം ഊഷ്മളമായ വരവേല്പ് നൽകി.

2 അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ നാമഹേതുക തിരുന്നാളും ജന്മദിനവും സമുചിതമായി ആഘോഷിച്ചു. അഭിവന്ദ്യ പോളി പിതാവ് തിരുനാൾ സന്ദേശം നൽകി. പൂച്ചെണ്ട് നൽകി അനുമോദിച്ചു. അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് അനുമോദന യോഗത്തിൽ ആശംസകൾ അർപ്പിച്ചു.

3 വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ പോളി പിതാവ് സെമിനാരിക്കാരുമായി കൂടിക്കാഴ്ച നടത്തി.

4 വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ പോളി പിതാവ് ആഘോഷമായ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. തലേദിവസം വൈകീട്ട് ബഹു. പോൾ എളംകുന്നപ്പുഴ അച്ചൻ അജപാലന അനുഭവങ്ങൾ പങ്കുവച്ചു.

5 പ്ലസ്‌വൺ പരീക്ഷയിൽ എല്ലാവരും ഉയർന്ന മാർക്കോടെ പാസ്സായി

6 ഫാ. ഷിബു നെല്ലിശ്ശേരി മാസധ്യാന വിചിന്തനങ്ങൾ നൽകി.

7 പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതത്തിന്റെ 65-ാം സ്വാതന്ത്ര്യദിനവും സമുചിതമായി ആചരിച്ചു. പ്രേഷിതവർഷ ഉദ്ഘാടനം, ദേശീയ പതാക വന്ദനം എന്നിവയ്ക്ക് മാർ ജെയിംസ് പഴയാറ്റിൽ പിതാവ് നേതൃത്വം നൽകി. മോൺ. സെബാസ്റ്റ്യൻ മാളിയേക്കൽ അച്ചൻ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**സാമ്പത്തികസഹായം നൽകിയവർ**

1 ഫാ. ഡയറക്ടർ & മതബോധന യൂണിറ്റ്, സെന്റ് മേരീസ് ഫൊറോന പള്ളി, ചാലക്കുടി

2 ശ്രീ. സി.എ. തോമസ് ചെതലൻ, ചാലക്കുടി

3 ശ്രീ. പി.എ. ബെന്നി പാനോക്കാരൻ, തൃശ്ശൂർ

4 ശ്രീ. ടി.ഐ. അഗസ്റ്റിൻ തോട്ടപ്പിള്ളി, കാരൂർ

5 ശ്രീമതി എൽസി ഡേവിസ് പാറക്കൽ ഞർളേലി, കാരൂർ

6 ശ്രീ. ജോയ് തളിയത്ത്, ഇരിങ്ങാലക്കുട

7 റവ. ഫാ. തോമസ് പഞ്ഞിക്കാരൻ, മൈനർ സെമിനാരി

8 ശ്രീമതി ആനി സേവ്യർ പാലമറ്റത്ത്, കല്പറമ്പ്

9 ശ്രീ. ജോണി കണ്ണംമ്പിള്ളി, പേരാമ്പ്ര

10 ശ്രീമതി മേരി ലിഗോരി ചാലിശ്ശേരി, കയ്പമംഗലം

11 ശ്രീമതി അച്ചാമ്മ ചാക്കപ്പൻ താടിക്കാരൻ, എടത്തിരുത്തി

**വർഗ്ഗീസ് പാലത്തിങ്കൽ,** റെക്ടർ

## നവചൈതന്യ

**നാളെകൾ**

| | | | |
|---|---|---|---|
| സെപ്തംബർ | 4 | - | ആദ്യ ഞായർ കൂട്ടായ്മ, ഫോളോ അപ് സെമിനാർ, NARF മീറ്റിംഗ് |
| സെപ്തംബർ | 5-7 | - | കുട്ടികളുടെ ക്യാമ്പ് |
| സെപ്തംബർ | 7 | - | പ്രാർത്ഥനാദിനം, സ്റ്റാഫ് മീറ്റിംഗ് |
| സെപ്തംബർ | 10-17 | - | ലഹരിമോചന പരിശീലന ക്യാമ്പ് |
| സെപ്തംബർ | 11 | - | ജാഗരണ പ്രാർത്ഥന |
| സെപ്തംബർ | 12 | - | എഡിറ്റോറിയൽ & റിസോഴ്സ് ടീം മീറ്റിംഗ് |
| സെപ്തംബർ | 17 | - | ലീഡേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിംഗ് |
| സെപ്തംബർ | 17 | - | പൂക്കള മത്സരം |
| സെപ്തംബർ | 23-24 | - | സ്ത്രീകളുടെ ക്യാമ്പ് |
| സെപ്തംബർ | 26-28 | - | ഫീൽഡ് വിസിറ്റ് |
| സെപ്തംബർ | 29 | - | ഔട്ട് റീച്ച് പ്രോഗ്രാം |

ഒരു മദ്യപാനിയെ രക്ഷിക്കൂ. ഒരു കുടുംബത്തെ രക്ഷിക്കൂ.

**സംഭാവന നൽകിയത്**

മേനാച്ചേരി ബാബു 10000/-

**ഫാ. ബെന്നി കരുമാലിക്കൽ**
ഡയറക്ടർ

## സാൻജോസദൻ

**നാളെകൾ**

| | | | |
|---|---|---|---|
| സെപ്തംബർ | 2 | - | സ്റ്റാഫ് മീറ്റിംഗ് |
| സെപ്തംബർ | 6 | - | ക്ലിനിക്കൽ മീറ്റിംഗ് |
| സെപ്തംബർ | 7 | - | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യ മാരുടെ മീറ്റിംഗ് |
| സെപ്തംബർ | 16 | - | പ്രാർത്ഥനാദിനം |
| സെപ്തംബർ | 18 | - | ഫോളോ അപ്പ് പ്രോഗ്രാം |
| സെപ്തംബർ | 21 | - | ചികിത്സയിലായിരിക്കുന്നവരുടെ ഭാര്യമാരുടെ മീറ്റിംഗ് |

**ഫാ. പോളി കണ്ണൂക്കാടൻ**
ഡയറക്ടർ

# സീറോ-മലബാർ സഭ പ്രേഷിതവർഷം സഭാതല ഉദ്ഘാടനറിപ്പോർട്ട്

മാർത്തോമാ നസ്രാണികളുടെ വിശ്വാസത്തിന്റെ പിള്ളത്തൊട്ടിലായ കൊടുങ്ങല്ലൂരിൽ സഭയിലെ പിതാക്കൻമാരെല്ലാവരും മേജർ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ മുഖ്യകാർമികത്വത്തിൽ ദിവ്യബലിയർപ്പിച്ച് ആഗസ്റ്റ് 21 ന് പ്രേഷിതവർഷത്തിന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു. സഭയിലെ ശ്രേഷ്ഠ വൈദീക ഗണവും മൗണ്ട് സെന്റ് തോമസ് ക്യൂരിയ അംഗങ്ങളും പ്രേഷിതവർഷ കമ്മിറ്റിയംഗങ്ങളും ഭാരതത്തിന് പുറത്തുനിന്നുള്ള സീറോ-മലബാർസഭാ പ്രതിനിധികളും വിവിധ രൂപതകളിൽനിന്നും അഞ്ച് പ്രതിനിധികളും കോൺഗ്രിഗേഷൻ സുപ്പീരിയർ ജനറാൾമാർ, പ്രൊവിൻഷ്യാൾസ്, ഇരിങ്ങാലക്കുട രൂപതയിലെ വൈദീകർ, സുപ്പീരിയേഴ്സ്, സിസ്റ്റേഴ്സ്, ബ്രദേഴ്സ്, ഓരോ ഇടവകകളിൽനിന്നുള്ള പ്രതിനിധികളും നിരവധി അത്മായവിശ്വാസികളും ആഗസ്റ്റ് 21 ന് ഞായറാഴ്ച 10 മണിക്ക് കൊടുങ്ങല്ലൂരിൽ സെന്റ്മേരീസ് പള്ളിയങ്കണത്തിൽ പ്രത്യേകം സജ്ജമാക്കിയ സെന്റ് തോമസ് സ്ക്വയറിൽ ഉദ്ഘാടന പരിപാടികൾക്ക് സാക്ഷ്യം വഹിച്ചു.

സ്ഥാപന സുവർണ ജൂബിലി ആഘോഷിക്കുന്ന ഛാന്ദാ രൂപതയിൽ നിന്ന് രൂപതാ ബിഷപ്പ് മാർ വിജയാനന്ദ് നെടുപുറം കൊണ്ടുവന്ന പതാക കോട്ടപ്പുറം രൂപതാദ്ധ്യക്ഷൻ ബിഷപ്പ് ജോസഫ് കാരിക്കശേരി ആഗസ്റ്റ് 19 ന് വെള്ളിയാഴ്ച വൈകീട്ട് 5.30 ന് കൊടുങ്ങല്ലൂർ സെന്റ് തോമസ് സ്ക്വയറിൽ ഉയർത്തി.

പരിപാടികൾക്ക് തുടക്കമായി അതാത് തീർത്ഥകേന്ദ്രങ്ങളിൽ നിന്ന് കൊണ്ടുവന്ന വി. അൽഫോൻസാമ്മ, വാഴ്ത്തപ്പെട്ട ചാവറ ഏലിയാസച്ചൻ, മദർ മറിയം ത്രേസ്യ, എവുപ്രാസ്യമ്മ, രാമപുരം കുഞ്ഞച്ചൻ എന്നിവരുടെ ഛായാചിത്ര വിശ്വാസ പ്രഘോഷണ റാലി നടത്തിക്കൊണ്ട് ആഗസ്റ്റ് 20-ന് ശനിയാഴ്ച വൈകീട്ട് 5.30-ന് ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രൽ ദേവാലയത്തിൽനിന്ന് കൊടുങ്ങല്ലൂർ സെന്റ് തോമസ് സ്ക്വയർ അങ്കണത്തിൽ പ്രതിഷ്ഠിച്ചു.

ആഗസ്റ്റ് 21 ന് ഞായറാഴ്ച 10 മണിക്ക് സീറോ മലബാർ മേലദ്ധ്യക്ഷൻ ശ്രേഷ്ഠ മെത്രാപ്പോലീത്ത മാർ ജോർജ് ആലഞ്ചേരി പിതാവിനെ മോൺ. സെബാസ്റ്റ്യൻ മാളിയേക്കലും മോൺ. ഡേവീസ് അമ്പൂക്കനും ഹാരാർപ്പണവും ബൊക്കെയും നല്കികൊണ്ട് വെള്ളക്കുതിരകളെ

പൂട്ടിയ രഥത്തിൽ മാർ പോളി കണ്ണൂക്കാടൻ പിതാവിനോടൊപ്പം സ്വീകരണവേദിയിലേക്ക് ആനയിച്ചു. സഭാപിതാക്കന്മാർക്കും പൗരപ്രമുഖന്മാർ ക്കും ജനപ്രതിനിധികൾക്കും ശൃംഗപുരം ജംഗ്ഷനിൽ മുത്തുകുടകളും പഞ്ചാരിമേളവും മാർഗംകളി വേഷധാരികളായ കുട്ടികളും അണിനിരന്ന് സ്വീകരണം നൽകി. സ്വീകരണറാലിയിൽ ആതിഥ്യമരുളുന്ന ഇരിങ്ങാലക്കുട രൂപതയിലെ 130 ഇടവകകളിൽ നിന്നുള്ള കൈക്കാരൻമാർ പേപ്പൽ പതാകകൾ വഹിച്ച് പൊൻകുരിശുകളുടെ പുറകിൽ അണിനിരന്നു.

സെന്റ് തോമസ് സ്ക്വയർ കവാടത്തിൽ വികാരി റവ. ഫാ. ആന്റോ കരിപ്പായി മാർ ആലഞ്ചേരി പിതാവിന് തിരി സമ്മാനിച്ച് സ്വീകരിച്ചു. തുടർന്ന് മാർതോമാശ്ലീഹായുടെ ഭാരതപ്രവേശനവും പ്രേഷിതപ്രവർത്തനവും സൂചിപ്പിക്കുന്ന ഗ്രോട്ടോയുടെ മുമ്പിലെ കൽവിളക്കുകൾ അഭിവന്ദ്യ പിതാക്കന്മാരും ജനപ്രതിനിധികളും തെളിയിച്ച് സെന്റ് തോമസ് സ്ക്വയറിലെ ഉദ്ഘാടന പരിപാടികൾക്ക് തുടക്കം കുറിച്ചു. വെള്ളാങ്കല്ലൂർ, വള്ളിവട്ടം ഇടവകക്കാർ, റവ. ഫാ. വിത്സൻ കൂനന്റെ നേതൃത്വത്തിൽ മാർതോമാശ്ലീഹായുടെ യേശു ഉത്ഥാനാനുഭവദൃശ്യം ടാബ്ലോയായി അവതരിപ്പിച്ചു. ദേവാലയത്തിൽ വാഴപിണ്ടി, കുരുത്തോല എന്നിവകൊണ്ട് മനോഹരമായി തയ്യാറാക്കിയ രൂപക്കൂടിൽ എഴുന്നുള്ളിച്ച്വച്ച 12 അപ്പസ്തോലന്മാരുടെ തിരുശേഷിപ്പ് വണക്കത്തിനുശേഷം അഭിവന്ദ്യപിതാക്കന്മാർ ദിവ്യബലിക്കായണഞ്ഞു. സെന്റ് തോമസ് സ്ക്വയറിന്റെ നടുവിൽ സജ്ജമാക്കിയ മനോഹരമായ വേദിയിൽ ആഘോഷമായ ദിവ്യബലിയുടെ പ്രാരംഭമായി ഇരിങ്ങാലക്കുട രൂപത വികാരി ജനറാൾ മോൺ. ജോസ് ഇരിമ്പൻ ഏവർക്കും സ്വാഗതം നൽകി. ആഘോഷമായ ദിവ്യബലിക്ക് ശ്രേഷ്ഠ മെത്രാപ്പോലീത്ത മാർ ജോർജ് ആലഞ്ചേരി മുഖ്യകാർമ്മികത്വം വഹിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. ദിവ്യബലിയിലെ ലിറ്റർജി, പ്രാർത്ഥന, ഗാനശുശ്രൂഷകൾ ചാൻസലർ റവ. ഡോ. ക്ലമന്റ് ചിറയത്തിന്റെ നേതൃത്വത്തിലുള്ള രൂപത ലിറ്റർജി കമ്മറ്റി ക്രമീകരിച്ചു.

ദിവ്യബലിക്കുശേഷം പ്രേഷിതവർഷത്തിന്റെ സഭാതല ഉദ്ഘാടന സമ്മേളനം നടന്നു. ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ സ്വാഗതവും ശ്രേഷ്ഠ മെത്രാപ്പോലീത്ത മാർ ജോർജ് ആലഞ്ചേരി പ്രേഷിതവർഷ ഉദ്ഘാടന പ്രഖ്യാപനം നടത്തുകയും പ്രവാസി-സീറോ മലബാർ സഭ തനയരുടെ മേൽനോട്ടം വഹിക്കുന്ന പ്രേഷിതവർഷ കമ്മിറ്റി കൺവീനർ മാർ സെബാസ്റ്റ്യൻ വടക്കേൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. സമ്മേളനത്തിൽ തൃശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് മിഷൻ കേന്ദ്രങ്ങൾക്കായി ഇരിങ്ങാലക്കുട രൂപത

വിഭാവനം ചെയ്യുന്ന ബ്ലസ് എ ഹോം പദ്ധതിയുടെ (50 ലക്ഷം രൂപയുടെ സംഭാവന) ഉദ്ഘാടനം നിർവഹിച്ചു. റവ. ഡോ. ജോസ് പന്തപ്ലാംതൊട്ടി യിൽ (CMI പ്രിയോർ ജനറാൾ), റവ.സി. മെല്ലോ (FCC, പ്രൊവിൻഷ്യാൾ സുപ്പീരിയർ), റവ. ഫാ. ജോയ് പാല്യേക്കര (പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി), ജോസ് ജെ. കാളൻ മാസ്റ്റർ (പാസ്റ്ററൽ കൗൺസിൽ സെക്ര ട്ടറി) എന്നിവർ ആശംസകൾ നേർന്നു. റവ. ഡോ. ഡേവീസ് ചെങ്ങിനി യാടൻ (പ്രേഷിതവർഷ കമ്മിറ്റി ജനറൽ കൺവീനർ) നന്ദിയും പറഞ്ഞു.

തുടർന്ന് കൊടുങ്ങല്ലൂർ റിസേർച്ച് അക്കാദമിയുടെ സംരംഭങ്ങൾ ക്കുവേണ്ടിയുള്ള സ്ഥാപനങ്ങളുടെ ശിലകൾ മാർ ആലഞ്ചേരി പിതാവ് ആശീർവ്വദിച്ചു. സമ്മേളനാന്തരം അഭിവന്ദ്യപിതാക്കൻമാർ അഴീക്കോട് മാർത്തോമാ തീർത്ഥകേന്ദ്രത്തിൽ തിരുശേഷിപ്പ് വന്ദനത്തിനും, ചേരമാൻ മസ്ജിദിൽ സന്ദർശനത്തിനും പുറപ്പെട്ടു. പരിപാടികളുടെ തത്സമയ ഇന്റർ നെറ്റ് സംപ്രേഷണം ഇരിങ്ങാലക്കുട രൂപതാ വെബ്സൈറ്റ് വൈസ് ചാൻ സലർ റവ. ഫാ. സെബി കൊളങ്ങരയുടെ നേതൃത്വത്തിൽ www. irinjalakudadiocese.com /livetv/-ൽ സംലഭ്യമാക്കി. വികാരി ജനറാൾമാ രായ മോൺ ജോസ് ഇരിമ്പൻ, മോൺ ഡേവീസ് അമ്പൂക്കൻ, മോൺ ജോസ് പാലാട്ടി, മോൺ സെബാസ്റ്റ്യൻ മാളിയേക്കൽ എന്നിവരുടെ നേതൃ ത്വത്തിൽ വിവിധങ്ങളായ കമ്മിറ്റികളും കൊടുങ്ങല്ലൂർ, മതിലകം, സേവി യൂർ ഇടവകകളിലെ വളണ്ടിയേഴ്സും, കൊടുങ്ങല്ലൂർ FCC, CMC സിസ്റ്റേഴ്സും പ്രേഷിതവർഷത്തിന്റെ സഭാതല ഉദ്ഘാടനത്തിന്റെ വിജ യത്തിന് കളമൊരുക്കി.

**റവ. ഡോ. ഡേവീസ് ചെങ്ങിനിയാടൻ**
പ്രേഷിതവർഷം ജനറൽ കൺവീനർ

---



**എവർക്കും സമ്പദ്സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞ ഓണാശംസകൾ..!**



- എഡിറ്റോറിയൽ ബോർഡ്

## സഭാവാർത്തകൾ

1 **ആർച്ചുബിഷപ്പ് ദിവംഗതനായി**

വരാപ്പുഴ അതിരൂപതയുടെ മുൻ മെത്രാപ്പോലീത്തയും വിജയപുരം രൂപതയുടെ പ്രഥമ മെത്രാനുമായിരുന്ന ആർച്ചുബിഷപ്പ് ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ ആഗസ്റ്റ് 7-ാം തിയ്യതി ദിവംഗതനായി. 1918-ൽ കൊടുങ്ങല്ലൂരിനടുത്ത് കാരയിൽ ഭൂജാതനായ അദ്ദേഹം വരാപ്പുഴ അതിരൂപതയിലെ പ്രഗത്ഭനായ വൈദികനും നല്ലൊരു അജപാലകനുമായിരുന്നു. ഫിലോസഫി, കാനൻ ലോ എന്നീ വിഷയങ്ങളിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ള അദ്ദേഹം അതിരൂപതയിലെ ഉന്നത പദവികൾ വഹിച്ചിട്ടുണ്ട്.

2 **ആവിലായിലെ വി. യോഹന്നാൻ - വേദപാരംഗതൻ**

സ്പെയിനിലെ ടൊളോടോ സ്വദേശിയായ ആവിലായിലെ വി. യോഹന്നാനെ വേദപാരംഗതനായി ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ഈയിടെ പ്രഖ്യാപിച്ചു. ലോക യുവജനസമ്മേളന വേദിയിൽ മാൻഡ്രിഡിലെ കത്തീഡ്രലിൽവച്ചാണ് കത്തോലിക്കാസഭയിലെ 33-ാമത്തെ വേദപാരംഗതനായി അദ്ദേഹത്തെ പ്രഖ്യാപിച്ചത്.

3 **മാർ ബോസ്കോ പുത്തൂർ - സിനഡ് സെക്രട്ടറി**

സീറോമലബാർ സഭാ സിനഡ് സെക്രട്ടറിയായി മാർ ബോസ്കോ പുത്തൂരിനെ തിരഞ്ഞെടുത്തു. നേരത്തെ സിനഡിന്റെ സെക്രട്ടറിയായിരുന്ന മാർ ജോർജ്ജ് ആലഞ്ചേരി മേജർ ആർച്ചുബിഷപ്പായി ഉയർത്തപ്പെട്ടതിനെ തുടർന്നാണ് സഭാസിനഡ് മാർ പുത്തൂരിനെ ഈ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുത്തത്.

4 **വി. ഫിലിപ്പോസ് ശ്ലീഹായുടെ മൃതകുടീരം**

തുർക്കിയിലെ ഡെൻസിലി എന്ന സ്ഥലത്ത് അപ്പസ്തോലനായ വി. പിലിപ്പോസിന്റെ മൃതകുടീരം ഈയിടെ കണ്ടെത്തി. ഇറ്റാലിയൻ പ്രൊഫസർ ഫ്രാൻസെസ്കോ ഡി ആൽഡിയയുടെ നേതൃത്വത്തിലുള്ള പര്യവേഷണ സംഘമാണ് ഈ ശവകുടീരം കണ്ടെത്തിയത്.

5 **2013-ലെ ലോകയുവജന സമ്മേളനം ബ്രസീലിൽ**

സ്പെയിനിലെ മാൻഡ്രിഡിൽ 2011 ആഗസ്റ്റ് 18 മുതൽ 21 വരെയാണ് 12-ാമത് ലോകയുവജന സമ്മേളനം സംഘടിപ്പിച്ചത്. ആഗസ്റ്റ് 21-ന് സമാപന സമ്മേളനത്തിൽ ദിവ്യബലി മദ്ധ്യേ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ നൽകിയ സന്ദേശത്തിലൂടെ ക്രൈസ്തവവിശ്വാസത്തിന്റെ ഉത്തമസാക്ഷികളാകാൻ യുവജനങ്ങളെ ആഹ്വാനം ചെയ്തു. അടുത്ത ലോകയുവജന സമ്മേളനം 2013-ൽ ബ്രസീലിൽ ആയിരിക്കുമെന്നും പരി. പിതാവ് പ്രഖ്യാപിച്ചു.

**റവ. ഡോ. ആന്റണി മഞ്ഞളി**

## ഇടയന്റെ നാളുകൾ

**സെപ്തംബർ 2011**

| | | |
|---|---|---|
| 1 | 04.30 pm | ചാലക്കുടി പള്ളി |
| 2 | 11.00 am | കല്ലേറ്റുംകര PACS |
| 3 | 10.00 am | സേവിയൂർ പള്ളി |
| 4 | 08.30 am | മതിലകം പള്ളി |
| | 04.00 pm | വെള്ളിക്കുളങ്ങര പള്ളി |
| 5 | 06.30 am | അൽവേർണിയ ഇരിങ്ങാലക്കുട |
| | 09.30 am | പുല്ലൂർ |
| | 02.30 pm | വെട്ടിക്കുഴി സ്മൈൽ വില്ലേജ് |
| 6 | | ഇരിങ്ങാലക്കുട |
| 7 | | ഇരിങ്ങാലക്കുട |
| 8 | 03.30 pm | പഴൂക്കര പള്ളി |
| | 07.00 pm | ബി എൽ എം ആളൂർ |
| 9 | | ഇരിങ്ങാലക്കുട |
| 10 | | ഇരിങ്ങാലക്കുട |
| 11 | | ഇടയസന്ദർശനം, കല്ലൂർപള്ളി |
| 12 | | ഇരിങ്ങാലക്കുട |
| 13 | | സന്ദർശകദിനം |
| 14 | 06.30 am | മൈനർ സെമിനാരി |
| | 11.00 am | പോട്ട |
| 15 | | ഇരിങ്ങാലക്കുട |
| 16 | 6.45 am | നവചൈതന്യ, ആളൂർ |
| 17 | 10.00 am | മാള ഫൊറോന പള്ളി |
| | 07.00 am | പുല്ലൂർ പള്ളി |
| 18 | | മുരിയാട് പള്ളി |
| 19 | 10.00 am | ചാലക്കുടി പള്ളി |
| | 02.00 pm | കാനൂർ |
| | 05.00 pm | പാറക്കടവ് ലാസലറ്റ് ഭവൻ |
| 20 | | സന്ദർശകദിനം |
| 21 | | ഇരിങ്ങാലക്കുട |
| 22 | | ഇരിങ്ങാലക്കുട |
| 23 | | ഇരിങ്ങാലക്കുട |
| 24. | 10.00 am | തുമ്പൂർ പള്ളി |
| 25 | | ഇടയസന്ദർശനം, മേട്ടിപ്പാടം പള്ളി |
| 26 | | ഇരിങ്ങാലക്കുട. |
| 27 | | സന്ദർശകദിനം |

| | | |
|---|---|---|
| 28 | | ഇരിങ്ങാലക്കുട. |
| 29. | 10.30 am | ഉദയ പ്രൊവിൻഷ്യൽ ഹൗസ്. |
| | 06.30 pm | മൈനർ സെമിനാരി. |
| 30 | | ഇരിങ്ങാലക്കുട. |

## ഇടയന്റെ ഇന്നലെകൾ

**ആഗസ്റ്റ് 2011**

| | | |
|---|---|---|
| 01 | 9.30 am | സഹൃദയ എഞ്ചിനീയറിംഗ് കോളേജിൽ പുതിയ ബാച്ചിന്റെ സ്വീകരണയോഗത്തിൽ പങ്കെടുത്തു |
| | 11.00 am | കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. |
| | 07.00 pm | സ്പിരിച്ചാലിറ്റി സെന്ററിൽ കമ്മറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 02 | 06.30 am | പുല്ലൂർ വിയാനി ഭവനിൽ വി. ജോൺ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. |
| | 09.00 am | സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. |
| | 04.00 pm | സഹൃദയ കോളേജിന്റെ ബോർഡ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 05.00 pm | രൂപതാ പബ്ലിക്ക് റിലേഷൻ വകുപ്പിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| 03 | 6.30 am | കല്ലേറ്റുംകര PACS-ൽ വി.കുർബാന അർപ്പിച്ചു. |
| | 10.00 am | കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ മതബോധന കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു. |
| | 05.00 pm | പ്രഥമ വ്രതവാഗ്ദാനം നടത്തുന്ന ഹോളി ഫാമിലി സന്ന്യാസാർത്ഥിനികളുമായി കൂടിക്കാഴ്ച നടത്തി. |
| | 08.00 pm | പുളിയിലക്കുന്ന് വിയാനി ഹോമിൽ വി. ജോൺ വിയാനിയുടെ തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുത്തു. |
| 04 | 06.30 am | ഇരിങ്ങാലക്കുട മൈനർ സെമിനാരിയിൽ വി. വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. |
| | 08.00 am | നിത്യവ്രതവാഗ്ദാനം നടത്തുന്ന ഡൊമിനിക്കൻ സിസ്റ്റേഴ്സുമായി കൂടിക്കാഴ്ച നടത്തി. |
| | 10.30 am | കല്ലേറ്റുംകര PACS-ൽ വി. വിയാനിയുടെ തിരുനാളും അഭിവന്ദ്യ ജെയിംസ് പഴയാറ്റിൽ പിതാവിന്റേയും ബഹു. ജോൺ എടാട്ടുകാരനച്ചന്റേയും സുവർണ്ണ ജൂബിലിയും വൈദിക ഗണത്തോടൊപ്പം ആഘോഷിച്ചു. |
| | 04.00 pm | കരുവന്നൂർ ക്ലാര മഠത്തിൽ സി. ഹെൻട്രിക്കയുടെ മൃത |

ദേഹ സംസ്ക്കാര ശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു

| | | |
|---|---|---|
| 05 | 6.30 am | ഇരിങ്ങാലക്കുട അൽവേർണിയ മഠത്തിൽ വി. കുർബ്ബാന അർപ്പിച്ചു |
| | 09.00 am | സന്ദർശകരെ സ്വീകരിച്ചു. |
| | 1100 am | കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. |
| | 05.00 pm | PACS കമ്മിറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| 06 | 10.00 am | കുറ്റിക്കാട് ഫൊറോന ദേവാലയത്തിൽ 5 ഡൊമിനിക്കൻ സിസ്റ്റേഴ്സിന്റെ നിത്യവ്രത വാഗ്ദാനത്തിന്റെ തിരുക്കർമ്മ ങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 02.00 pm | ആളൂർ ഇടവക ദേവാലയത്തിൽ ഹോളി ഫാമിലി സന്ന്യാ സസമൂഹത്തിന്റെ സഭാവസ്ത്ര സ്വീകരണത്തിലും ആദ്യ വ്രത വാഗ്ദാനത്തിലും മുഖ്യകാർമ്മികനായി. |
| 07 | 08.30 am | പടിയൂർ സെന്റ് മേരിസ് ഇടവകയിൽ ആദ്യകുർബ്ബാന സ്വീകരണവും സ്ഥൈര്യലേപനവും കപ്പേള വെഞ്ചിരിപ്പും നടത്തി. |
| | 04.00 pm | രൂപതയിലെ സന്ന്യാസസമൂഹങ്ങളിലെ 4 പ്രൊവിൻ ഷ്യൽ സുപ്പീരിയേഴ്സുമായി കൂടിക്കാഴ്ച നടത്തി |
| 08-12 | | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ബിഷപ്പുമാരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു. |
| 13 | 09.00 am | കുറ്റിക്കാട് ഫൊറോന ദേവാലയത്തിൽ ഡീക്കൻ വിൽഫ്രഡ് പെരേപ്പാടൻ SH-ന് തിരുപ്പട്ടം നൽകി |
| | 03.30 pm | ആളൂർ BLM ധ്യാനകേന്ദ്രത്തിൽ ഭവന സന്ദർശനത്തിന് ഒരുങ്ങുന്ന ദമ്പതികൾക്ക് സന്ദേശവും ആശീർവ്വാദവും നൽകി. |
| | 05.30 pm | കൊടുങ്ങല്ലൂർ സെന്റ് മേരീസ് പള്ളിയിൽ പ്രേഷിതവർഷ ത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു. |
| 14 | 07.00 am | തുറവൻകുന്ന് പള്ളിയിൽ ആദ്യകുർബ്ബാന സ്വീകരണവും സ്ഥൈര്യലേപനവും നടത്തി. |
| | 02.30 pm | രൂപത കാത്തലിക്ക് മൂവ്മെന്റിന്റെ അവാർഡ് മീറ്റ് ഉദ്ഘാ ടനം ചെയ്ത് സമ്മാനങ്ങൾ വിതരണം ചെയ്തു. |
| 15 | 07.30 am | ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളിയിൽ പ്രേഷിതവർഷ ത്തിന്റെ രൂപത തലത്തിലുള്ള ഉദ്ഘാടനം നടത്തി. സ്വാ തന്ത്ര്യദിനാഘോഷവും പരി.കന്യാമറിയത്തിന്റെ സ്വർഗ്ഗാ രോപണ തിരുനാളും സംയുക്തമായി ആചരിക്കുന്നതിന് നേതൃത്വം നൽകി |
| | 09.30 am | ഇരിങ്ങാലക്കുട ക്രൈസ്റ്റ് വിദ്യാനികേതൻ സ്കൂളിൽ സ്വാ തന്ത്ര്യദിന പരിപാടികൾ ഉദ്ഘാടനം ചെയ്തു. |

| | | |
|---|---|---|
| | 02.30 pm | കൂടപ്പുഴ അനുഗ്രഹ സദൻ അഗതിമന്ദിരത്തിന്റെ വാർഷികത്തിന് വി. കുർബാന അർപ്പിച്ച് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| | 06.30 pm | പാറേക്കാട്ടുക്കര സെന്റ് മേരിസ് ഇടവകയിൽ മതബോധനഹാൾ വെഞ്ചരിക്കുകയും ഇടവകദിനാഘോഷത്തിന്റെ ഉദ്ഘാടനം നടത്തുകയും ചെയ്തു. |
| 16 | 06.30 am | കല്ലേറ്റുംകര PACS ൽ വി. കുർബാന അർപ്പിച്ചു. |
| | 09.00 am | സന്ദർശകരെ സ്വീകരിച്ചു. |
| | 10.30 am | രൂപതാ കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 11.00 am | സന്ദർശകരെ സ്വീകരിച്ചു |
| | 03.00 pm | കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. |
| | 05.00 pm | ബ്ലസ് എ ഹോം എക്സിക്യൂട്ടിവ് യോഗത്തിൽ പങ്കെടുത്തു. |
| 17-27 | | കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ സീറോ മലബാർ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു. |
| 21 | 10.00 am | കൊടുങ്ങല്ലൂർ സെന്റ് മേരീസ് പള്ളിയിൽ സെന്റ് തോമസ് സ്ക്വയറിൽ നടന്ന പ്രേഷിത വർഷാചരണ ത്തിന്റെ സഭാതല ഉദ്ഘാടനചടങ്ങിൽ പങ്കെടുത്തു. |
| | 02.30 pm | കൊടുങ്ങല്ലൂർ ചേരമാൻ മസ്ജിദ് ആർച്ചുബിഷപ്പിനോടും മറ്റു ബിഷപ്പുമാരോടുമൊപ്പം സന്ദർശിച്ചു. |
| | 03.30 pm | അഴീക്കോട് മാർത്തോമ്മ തീർത്ഥകേന്ദ്രത്തിൽ തിരുശേഷിപ്പ് വന്ദനത്തിന്റെ കർമ്മങ്ങളിൽ മേജർ ആർച്ച് ബിഷപ്പിനൊപ്പം സഹകാർമ്മികത്വം വഹിച്ചു. |
| 28 | 06.30 am | പോട്ട ചാരിറ്റി പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ചു. |
| | 02.00 pm | രൂപതയിലെ വിവിധ ഇടവകകളിൽ മതബോധനത്തിന് സഹായിക്കുന്ന ശെമ്മാശന്മാരുടെ സമ്മേളനത്തിൽ പങ്കെടുത്തു. |
| | 05.15 pm | പുല്ലൂർ സെന്റ് സേവ്യർ ഇടവകയിൽ മതബോധന ഹാൾ വെഞ്ചരിച്ചു; മീറ്റിംഗിൽ പങ്കെടുത്തു. |
| 29 | 10.00 am | തുരുത്തിപറമ്പ് ഇടവകയിൽ ബഹു. ജോബച്ചന്റെ 7-ാം ചരമ വാർഷിക ദിനത്തിൽ വി. ബലിയർപ്പിച്ചു. |
| | 06.00 pm | രൂപതയിലെ വൈദികരുടെ പഞ്ചദിനക്യാമ്പ് PACS-ൽ ഉദ്ഘാടനം ചെയ്തു. |
| 30 | 09.00 am | സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | കൂരിയ മീറ്റിംഗിൽ പങ്കെടുത്തു. |
| 31 | 10.00 am | കാക്കനാട് മതബോധന കമ്മീഷന്റെ മീറ്റിംഗിൽ പങ്കെടുത്തു. |

# ആദരാഞ്ജലികൾ...



## മോസ്റ്റ് റവ. ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ

വരാപ്പുഴ അതിരൂപതയുടെ മുൻ മെത്രാപ്പോലീത്ത

